<u>ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>
<u>(ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-1.</u>
<u>(ഹാജർ: പി.കെ സുധീർബാബു ഐ.എ.എസ്)</u>

സംഗ്രഹം:- ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - എച്ച്.എസ്.എ/എൽ.പി.എസ്.എ/യു.പി.എസ്.എ യിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിനായുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ശ്രീ. സഫീറുദ്ദീൻ. എ യെ ഒഴിവാക്കി ഉത്തരവാകുന്നു.

---

ഉത്തരവ് നംപർ:- എഡി. സി1/92899/ഹ.സെ.വി/2017 തീയതി:- 18/12/2018

---

പരാമർശം:- 1) 2/02/2007 തീയതിയിലെ ജി.ഒ (ആർ.റ്റി) നമ്പർ 871/2007/പൊ.വി.വ നമ്പർ ഉത്തരവ്
2) കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 20/09/2007 തീയതിയിലെ എ3/16986/2007 നമ്പർ നടപടി ഉത്തരവ്
3) ഈ ഓഫീസിലെ 02/11/2017 തീയതിയിലെ എച്ച്.എസ്.എസ്.റ്റി ജൂനിയർ അറബിക് തസ്തികയുടെ എച്ച്.എസ്.എ/എൽ.പി.എസ്.എ/യു.പി.എസ്.എ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായുള്ള അന്തിമ പട്ടിക.

## <u>ഉത്തരവ്</u>

എച്ച്.എസ്.എസ്.റ്റി ജൂനിയർ അറബിക് തസ്തികയിലേക്കുള്ള എച്ച്.എസ്.എ/എൽ.പിഎസ്.എ/യു.പി.എസ്.എ യിൽ നിന്നുള്ള ഡിപ്പാർട്ട്മെന്റൽ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായുള്ള 2015 വർഷത്തെ എച്ച്.എസ്.എ അധ്യാപകരുടെ അന്തിമപട്ടിക സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ 2015 വർഷത്തെ അന്തിമപട്ടികയിൽ എച്ച്.എസ്.എ വിഭാഗത്തിൽ 11-ാം റാങ്കുകാരനായി ഉൾപ്പെടുത്തിയ ശ്രീ. സഫീറുദ്ദീൻ. എ യുടെ seniority date 05/06/2005 എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു. ടിയാൾ എച്ച്.എസ്.എ കാറ്റഗറിയിൽ 05/06/2005ന് അഡ്വൈസ് ചെയ്യപ്പെട്ട് 15/07/2005 ൽ ജോയിൻ ചെയ്തിരുന്നു. എന്നാൽ ടി അദ്ധ്യാപകന് പ്രൊബേഷൻ കാലയളവിൽ 13/03/2007 മുതൽ 12/03/2012 വരെ സൂചന (1) പ്രകാരം ശൂന്യവേതനഅവധി അനുവദിക്കുകയും സൂചന (2) പ്രകാരം ശൂന്യവേതന അവധി റദ്ദ് ചെയ്ത് 22/09/2007 തീയതിയിൽ ജോലിയിൽ പുന:പ്രവേശിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ടി അദ്ധ്യാപകൻ തിരികെ ജോലിയിൽ പുന:പ്രവേശിച്ച 22/09/2007 തീയതി date of joining ആയി കണക്കാക്കേണ്ടതുണ്ട്. സൂചന (3) സീനിയോറിറ്റി ലിസ്റ്റിൽ അവസാനമായി ഉൾപ്പെട്ട 18 -ാം റാങ്കുകാരന്റെ അഡ്വൈസ് തീയതി 27/01/2006 ആണ്. ആയതിനാൽ ടി അദ്ധ്യാപകനെ സൂചന (3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കി റാങ്ക് 12 മുതൽ 18 വരെയുള്ള അദ്ധ്യാപകരുടെ റാങ്ക് നമ്പരുകൾ പുന:ക്രമികരിച്ച് കൊണ്ട് ഉത്തരവാകുന്നു.

സൂചന പ്രകാരമുള്ള ഉത്തരവ് മേൽഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്/-
പി.കെ സുധീർബാബു ഐ.എ.എസ്
ഡയറക്ടർ

പകർപ്പ്:

1. ബന്ധപ്പെട്ട അദ്ധ്യാപകന്
2. ഡി.പി.ഐ
3. ബന്ധപ്പെട്ട ഡി.ഡി.ഇ/ഡി.ഇ.ഒ/എച്ച്.എം
4. കരുതൽ ഫയൽ/അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്

23